## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4407 27.06.2013 ൽ മറുപടിക്ക്

### നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. ടി. എം. തോമസ് ഐസക്:<br>ശ്രീ. എം. ഹംസ:<br>ശ്രീ. കെ. രാധാകൃഷ്ണൻ:<br>ശ്രീ. സി. കെ. സദാശിവൻ: | ശ്രീ: അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) സപ്ലൈകോ നെല്ല് സംഭരണത്തിന് വില പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; നിലവിൽ സപ്ലൈകോ നൽകുന്ന വിലയെത്രയാണ്; സ്വകാര്യമില്ലുകൾ എന്തുവിലയ്ക്കാണ് സംഭരിക്കുന്നത്; | (എ) 27.09.2012 ലെ സർക്കാർ ഉത്തരവ് മുഖേനയാണ് നെല്ല് സംഭരണവില കിലോയ്ക്ക് 2 രൂപ വർദ്ധിപ്പിച്ച് 17 രൂപയാക്കിയത് നിലവിൽ കിലോഗ്രാമിന് 17 രൂപ നൽകിയാണ് നെല്ല് സംഭരിക്കുന്നത്. സ്വകാര്യ മില്ലുകൾ എന്ത് വില നൽകിയാണ് നെല്ല് സംഭരിക്കുന്നതെന്ന് അറിയില്ല. |
| (ബി) നെല്ലു സംഭരണത്തിൽ സ്വകാര്യമില്ലുകളുടെ കടന്നുകയറ്റം സപ്ലൈകോയുടെ സംഭരണത്തെ ബാധിച്ചിട്ടുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് മറികടക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) നെല്ലു സംഭരണത്തിൽ സ്വകാര്യ മില്ലുകളുടെ കടന്നുകയറ്റം സപ്ലൈകോയുടെ സംഭരണത്തെ ബാധിച്ചിട്ടില്ല. |
| (സി) പുഞ്ചകൊയ്ത്ത് സമയത്ത് കുട്ടനാട് നിന്ന് സംഭരിച്ച നെല്ലിന് കർഷകർക്ക് ഇനി എന്തു തുക കൊടുത്തു തീർക്കാനുണ്ട്; ഇത് ഉടൻ കൊടുത്ത് തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) പുഞ്ചകൊയ്ത്ത് സമയത്ത് കുട്ടനാട് നിന്ന് സംഭരിച്ച നെല്ലിന് 20.06.2013 വരെ 32 കോടി രൂപ നൽകുവാനുണ്ട്. ഈ തുക രണ്ടാഴ്ചയ്ക്കുളളിൽ കൊടുത്തു തീർക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് കഴിഞ്ഞു. |
| (ഡി) സംസ്ഥാനത്താകെ കർഷകർക്ക് നൽകാനുളള സംഭരണവില കുടിശ്ശിക എത്രയാണ്; | (ഡി) നെല്ല് സംഭരണത്തിൽ സംസ്ഥാനത്താകെ 20.06.2013 വരെ 66,90,04,947/ രൂപ കർഷകർക്ക് നൽകാനുണ്ട്. |

(ഇ) പൊതുമാർക്കറ്റിൽ അരിവില ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ വില നൽകി നെല്ല് സംഭരിക്കാനും പൊതുവിതരണ ശൃംഖല വഴിയുള്ള അരിവിതരണം ശക്തിപ്പെടുത്താനും തയ്യാറാകുമോ?

(ഇ) നെല്ല് സംഭരണവില ഉടനെ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. പൊതുവിതരണ ശൃംഖല വഴിയുള്ള അരി വിതരണം ശക്തിപ്പെടുത്തുന്നതിനായി സബ്സിഡി നിരക്കിൽ അരി വിതരണം ചെയ്യുന്നു. ബി.പി.എൽ. കാർഡുടമകൾക്ക് ഒരു രൂപാ നിരക്കിൽ 25 കി.ഗ്രാം അരിയും എ.എ.വൈ. കാർഡുടമകൾക്ക് ഒരു രൂപാ നിരക്കിൽ 35 കി.ഗ്രാം അരിയും നൽകുന്നു. എ.പി.എൽ. കാർഡുടമകൾക്ക് 8.90 രൂപാ നിരക്കിൽ 9 കി.ഗ്രാം അരി നൽകുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ട് രൂപാ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 9 കി.ഗ്രാം അരി കിലോഗ്രാമിന് 2 രൂപ നിരക്കിൽ നൽകുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായി നൽകുന്നു. കൂടാതെ സപ്ലൈകോയുടെ നേതൃത്വത്തിൽ മാവേലിസ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ എന്നിവ വഴി ന്യായവിലയ്ക്ക് അരി വിതരണം ചെയ്യുന്നു. അരി കരിഞ്ചന്തയിലെത്തുന്നത് തടയുന്നതിനായി കർശന പരിശോധനകളും നടത്തുന്നു.

Beenan

സെക്ഷൻ ഓഫീസർ